**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1324** **19-06-2024 - ൽ മറുപടിയ്ക്ക്**

**കുറവിലങ്ങാട് പള്ളിയുടെ ഭാഗത്ത് സ്റ്റീൽ ഫുട്ട് ബ്രിഡ്ജ് നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മോൻസ് ജോസഫ് | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | കടുത്തുരുത്തി മണ്ഡലത്തിലെ കുറവിലങ്ങാട് മാർത്ത് മറിയം ആർക്കി എപ്പിസ്കോപ്പൽ ദേവാലയത്തിൽ നിന്നും സ്റ്റീൽ ഫുട്ട് ബ്രിഡ്ജ് നിർമ്മിക്കുന്നതിനുവേണ്ടി സമർപ്പിച്ചിരുന്ന നിവേദനത്തിന്മേൽ കോട്ടയം പൊതുമരാമത്ത് വകുപ്പ് എക്സിക്യൂട്ടീവ് എഞ്ചിനീയർ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ; | (എ) | കടുത്തുരുത്തി മണ്ഡലത്തിലെ കുറവിലങ്ങാട് മാർത്ത് മറിയം ആർക്കി എപ്പിസ്കോപ്പൽ ദേവാലയത്തിൽ നിന്നും സ്റ്റീൽ ഫുട്ട് ബ്രിഡ്ജ് നിർമ്മിക്കുന്നതുമായി ബന്ധപ്പെട്ട് 03.06.2024 തീയതിയിൽ എക്സിക്യൂട്ടീവ് എഞ്ചിനീയർ നിരത്ത് വിഭാഗം ചീഫ് എഞ്ചിനീയർക്ക് സമർപ്പിച്ചിട്ടുള്ള ഡ്രോയിങ്ങ് ഉൾപ്പെടെയുള്ള റിപ്പോർട്ട് (വിശദമായ ഡ്രോയിംഗ് ഉൾപ്പെടെ) പരിശോധിച്ചു വരുന്നു. |
| (ബി) | പ്രസ്തുത സ്റ്റീൽ ഫുട്ട് ബ്രിഡ്ജ് നിർമ്മാണം നടപ്പാക്കുന്നതിനെ സംബന്ധിച്ച് എക്സിക്യൂട്ടീവ് എഞ്ചിനീയർ 19.01.2024 തീയതിയിൽ പള്ളി അധികാരികളുമായി സംയുക്ത സ്ഥല പരിശോധന നടത്തി തയ്യാറാക്കിയ ഡീറ്റെയിൽഡ് ഡ്രോയിംഗിന്മേൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ; | (ബി) | (എ) പിരിവിന്റെ അതേ മറുപടി. |
| (സി) | പ്രസ്തുത വിഷയത്തിന്മേൽ കോട്ടയം ജില്ലാ കളക്ടർ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ; | (സി) | വിവരം ശേഖരിച്ചു വരുന്നു. |
| (ഡി) | പ്രസ്തുത സ്ഥലത്ത് റോഡ് മുറിച്ച് കടക്കുമ്പോൾ ഉണ്ടാകുന്ന അപകടങ്ങൾ ഒഴിവാക്കുന്നതിനും കാൽനടയാത്രക്കാർക്ക് സുരക്ഷ ഉറപ്പാക്കുന്നതിനും സ്റ്റീൽ ഫുട്ട് ബ്രിഡ്ജ് നിർമ്മാണത്തിലൂടെ സാധിക്കുമെന്നതിനാൽ ആയതിനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ; | (ഡി) | എക്സിക്യൂട്ടീവ് എഞ്ചിനീയർ ശിപാർശ ചെയ്ത് സമർപ്പിച്ച പ്രൊപ്പോസലിന്മേൽ റോഡ് സുരക്ഷ സംബന്ധിച്ച പരിശോധന നടത്തി വരുന്നു. പരിശോധന പൂർത്തിയാകുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. |
| (ഇ) | പ്രസ്തുത പദ്ധതി സംബന്ധിച്ച് വിശദമായ റിപ്പോർട്ട് ചീഫ് എഞ്ചിനീയർ പൊതുമരാമത്ത് നിരത്ത് വിഭാഗം സർക്കാരിന് സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത റിപ്പോർട്ടിന്മേൽ പൊതുമരാമത്ത് വകുപ്പ് എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ? | (ഇ) | (ഡി) പിരിവിന്റെ അതേ മറുപടി. |

സെക്ഷൻ ഓഫീസർ